ഉത്തരം

(എ) ഗവൺമെൻറ് ജീവനക്കാരുടെ ആഫീസുകളോടനുബന്ധിച്ചു നടത്തുന്ന റിക്രിയേഷൻ ക്ലബ്ബുകൾക്ക് ഇപ്പോൾ തന്നെ ഗ്രാൻറ് നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പരിപാടിക്ക് പ്രത്യേകിച്ച് സഹായമൊന്നും ആവശ്യപ്പെട്ടിട്ടില്ല. ആ പരിപാടികളിൽ പങ്കെടുക്കുന്നവർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ദേശീയതല മൽസരങ്ങളിലും മറ്റും പങ്കെടുക്കുന്നവർക്ക് ഈ ആനുകൂല്യം ഇപ്പോൾ തന്നെ അനുവദിച്ചിട്ടുണ്ട്.

ഓതറ—തലയാർ റോഡ് ടാർ ചെയ്യുന്നതിനുള്ള ജോലി

715 [1045] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്കിലെ ഓതറ—തലയാർ റോഡ് ടാർ ചെയ്യുന്നതിനുള്ള ജോലിയും മറ്റും ടെണ്ടർ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജോലി ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) റോഡ് സൈഡിലെ മെറ്റൽ കൂനകൾ അപകടം ക്ഷണിച്ചു വരുത്തുന്ന സ്ഥിതി കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) മെറ്റൽ കൂനകൾ മൂലമുണ്ടാകാവുന്ന അപകടം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ എടുക്കണമെന്ന് ബന്ധപ്പെട്ട അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കല്ലിശ്ശേരി—ഇരവിപേരൂർ റോഡിലെ വരട്ടാർ പാലം

716 [1046] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

കല്ലിശ്ശേരി—ഇരവിപേരൂർ റോഡിലെ വരട്ടാർ പാലത്തിന്റെ ഇരുഭാഗത്തും മെറ്റൽ ഇളകി കാൽനടയ്ക്കുപോലും യോഗ്യമല്ലാതായിരിക്കുന്ന സ്ഥിതി കണക്കിലെടുത്ത് ഈ ഭാഗത്തിന്റെ അറ്റകുറ്റപണികളും നടത്തി ടാർ ചെയ്യുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ?

ഉത്തരം

പരിഗണിക്കുന്നതാണ്.

റോഡ് റിപ്പയർ ചെയ്യാനുള്ള നടപടി

717 [1048] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടായി—പെരിങ്ങോട്ടുകുറുശ്ശി (പത്തിരിപ്പാല) റോഡ് റിപ്പയർ ചെയ്യാനുള്ള എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ പണിക്ക് എത്ര സംഖ്യ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതിനകം എത്ര സംഖ്യ ചെലവു ചെയ്തു?

ഉത്തരം

(എ) കോട്ടായി—പെരിങ്ങോട്ടുകുറുശ്ശി റോഡ് പൊതുമരാമത്തു വകുപ്പ് വക റോഡാണ്. അതിന്റെ റിപ്പയർ ജോലി നടത്തിയിട്ടുണ്ട്. ചോദ്യം പത്തിരിപ്പാലയിൽ നിന്നും പെരിങ്ങോട്ടുകുറിശ്ശിക്കു പോകുന്ന റോഡിനെ സംബന്ധിച്ചാണെങ്കിൽ, പ്രസ്തുത റോഡ് പഞ്ചായത്തിന്റെ അധീനതയിലായതുകൊണ്ട് പൊതു മരാമത്ത് വകുപ്പ് റിപ്പയർ ചെയ്യാനുള്ള നടപടിയൊന്നും തന്നെ സ്വീകരിക്കേണ്ടതായിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) പ്രസക്തമല്ല.

(ഡി) പ്രസക്തമല്ല.

സ്പോർട്സ്മാൻമാർക്ക് പെൻഷൻ

718 [1049] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര സ്പോർട്സ്മാൻമാർക്ക് പെൻഷൻ അനുവദിച്ചു; ഓരോരുത്തർക്കും എന്തു തുക വീതം;

(ബി) ഇതുവരേയും ഈ ഇനത്തിൽ എന്തു തുക ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly